No. CEE/4848/2013/KEAM-2014/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്
# എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച്

2014-ലെ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് 27.07.2014- ന് പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൻ പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് 29.07.2014 മുതൽ 02.08.2014 വരെയുള്ള തീയതികളിൽ ഫീസ്/അധിക തുക ഒടുക്കുവാനും അതത് കോളേജുകളിൽ പ്രവേശനം നേടുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത അലോട്ട്മെന്റ് സംബന്ധിച്ച വിജ്ഞാപനത്തിൽ കേരളാ ക്രിസ്റ്റ്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലേയ്ക്കുള്ള അവസാന ഘട്ട അലോട്ട്മെന്റായിരിക്കും എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ കേരളാ ക്രിസ്റ്റ്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷൻ തങ്ങളുടെ കീഴിൽ വരുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലേയ്ക്ക് 2014 സെപ്റ്റംബർ 20 വരെ അലോട്ട്മെന്റ് നടത്താനുള്ള താൽപര്യം ഇപ്പോൾ അറിയിച്ചിട്ടുണ്ട്. അതിനാൽ സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെയും, ക്രിസ്റ്റ്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന കോളേജുകൾ ഉൾപ്പെടെയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെയും, പുതുതായി അലോട്ട്മെന്റിൽ ഉൾപ്പെടുത്തുന്ന കോളേജുകൾ ഉണ്ടെങ്കിൽ അവയിലെയും എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്ക് ഒരു മൂന്നാം ഘട്ട അലോട്ട്മെന്റ് **സെപ്തബർ** 10-ാം തീയതിയ്ക്കു മുൻപായി നടത്തുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01.08.2014